# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3674 — 17.12.2015-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ പെർമിറ്റ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കായി നൽകിവരുന്ന മണ്ണെണ്ണ പെർമിറ്റ് എത്രയാണെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് ആകെ 15727 മണ്ണെണ്ണ പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത് മണ്ണെണ്ണ പെർമിറ്റ് ലഭ്യമാകാനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) എഞ്ചിനുകളുടെ പരമാവധി കാലപ്പഴക്കം 15 വർഷമായി നിജപ്പെടുത്തിയിരിക്കണം<br>2) ഒരു വ്യക്തിയ്ക്ക് പരമാവധി 2 എഞ്ചിനുകൾക്ക് മാത്രം പെർമിറ്റ് അനുവദിക്കാവുന്നതാണ്.<br>3) തട്ടുമടി യാനത്തിന്റെ ഉടമകൾക്ക് ഒന്നിൽ കൂടുതൽ വള്ളങ്ങൾ ഉണ്ടെങ്കിൽ പരമാവധി 4 എഞ്ചിനുകൾക്ക് വരെ പെർമിറ്റ് അനുവദിക്കാവുന്നതാണ്.<br>4) ഇൻ ബോർഡ് എഞ്ചിൻ ഉടമകൾക്ക് രണ്ട് ക്യാരിയർ വള്ളം ഉള്ള പക്ഷം ഒന്നിന് രണ്ട് എന്ന ക്രമത്തിൽ പരമാവധി നാല് എഞ്ചിനുകൾക്ക് പെർമിറ്റ് അനുവദിക്കാവുന്നതാണ്.<br>5) മലബാർ മേഖലയുടെ പ്രത്യേകത കണക്കിലെടുത്ത് 40 എച്ച്.പി യുടെ എഞ്ചിനുകൾക്ക് കൂടി പെർമിറ്റ് നൽകാൻ പരിഗണിക്കേണ്ടതാണ്.<br>6) ഒരിക്കൽ അനുവദിച്ചിട്ടുള്ള മണ്ണെണ്ണ പെർമിറ്റുകളുടെ കാലാവധി അടുത്ത സംയുക്ത എഞ്ചിൻ പരിശോധന വരെ നിലനിർത്തേണ്ടതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിൽ 739 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് മണ്ണെണ്ണ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |
| (സി) | വെരിഫിക്കേഷൻ കഴിഞ്ഞ് ഒരു വർഷമായിട്ടും മണ്ണെണ്ണ പെർമിറ്റ് ലഭിച്ചിട്ടില്ലെന്ന അജാനൂർ കടപ്പുറത്തെ 15 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം നടത്തുന്നത് സംബന്ധിച്ച ഒരു മീറ്റിംഗ് ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഇപ്രകാരം മണ്ണെണ്ണ പെർമിറ്റ് ലഭിക്കാത്ത മത്സ്യത്തൊഴിലാളികൾക്കു കൂടി മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ